# പതിനാലാം കേരള നിയമസഭ
# പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:832

04.03.2020-ലെ മറുപടി

## കാഞ്ഞാണി മുതൽ പഞ്ചാരമുക്ക് വരെ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മുരളി പെരുനെല്ലി | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ കാഞ്ഞാണി മുതൽ ഗുരുവായൂർ പഞ്ചാരമുക്ക് വരെ അമൃത് പദ്ധതിയുടെ ഭാഗമായി പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | അമൃത് പദ്ധതിയിൽ 2016-17, 2017-18 ആക്ഷൻ പ്ലാനുകളിലായി ഭരണാനുമതി ലഭിച്ച, ഗുരുവായൂർ മുനിസിപ്പാലിറ്റി ശുദ്ധജലവിതരണ നവീകരണം - ഇല്ലിക്കൽ മുതൽ ഗുരുവായൂർ കോട്ടപ്പടി വരെ റോ വാട്ടർ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവർത്തിയിൽ, കാഞ്ഞാണി മുതൽ പഞ്ചാരമുക്ക് വരെ 15.55Km നീളത്തിൽ പി.ഡബ്ല്യു.ഡി റോഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവർത്തിയാണ് മണലൂർ മണ്ഡലത്തിലുള്ളത്. ആയതിൽ 3.70 Km നീളത്തിൽ പൈപ്പിടൽ പൂർത്തീകരിച്ച് പി.ഡബ്ല്യു.ഡിയ്ക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ പ്രസ്തുത ഭാഗത്ത് മാത്രമായി ഈ സീസണിൽ പി.ഡബ്ല്യു.ഡിയിൽ നിന്നും അനുമതി ലഭ്യമായ 4.10Km റോഡിൽ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട്. പി.ഡബ്ല്യു.ഡിയ്ക്ക് കൈമാറുന്നതിനായി ഈ ലൈനിൽ ഇപ്പോൾ പ്രഷർ ടെസ്റ്റും ഇന്റർ കണക്ഷൻ പ്രവർത്തികളും പൂർത്തീകരിച്ചു വരികയാണ്. പൊതുമരാമത്ത് വകുപ്പിൽ നിന്നും കട്ടിങ് അനുവാദം ലഭിച്ചാൽ മാത്രമേ മണലൂർ മണ്ഡലത്തിൽ ബാക്കിയുള്ള 7.75Km നീളത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കുവാൻ സാധിക്കുകയുള്ളൂ. |

| ചോദ്യം | | മറുപടി | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഇതുവരെ എത്ര കിലോ മീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ചുവെന്നും ഇനി എത്ര കിലോ മീറ്റർ പൈപ്പ് സ്ഥാപിക്കാൻ ബാക്കിയുണ്ടെന്നും അറിയിക്കാമോ; | (ബി) | ഗുരുവായൂർ മുനിസിപ്പാലിറ്റിയുടെ ശുദ്ധജല വിതരണ പദ്ധതിയുടെ നവീകരണം- ഇല്ലിക്കൽ മുതൽ ഗുരുവായൂർ കോട്ടപ്പടി വരെ റോ വാട്ടർ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവർത്തിയ്ക്കായി 38.5Km പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതിൽ നാളിതുവരെ 18.5Km പൈപ്പ് സ്ഥാപിച്ചിട്ടുണ്ട് . ഇതിൽ 5.5Km പൈപ്പ് ലൈനിൽ ടെസ്റ്റിങ് പ്രവർത്തി നടന്നു കൊണ്ടിരിക്കുന്നതിനാൽ പ്രസ്തുത ഭാഗം റോഡ് പൊതുമരാമത്ത് വകുപ്പിന് തിരികെ നൽകിയിട്ടില്ല. ബാക്കി 20 Km -(38.5 - 18.5) (River Crossing ഉൾപ്പടെ) പൈപ്പുകൾ സ്ഥാപിക്കുവാനുണ്ട്. ഇതിൽ 17.56 Km പൊതുമരാമത്ത് വകുപ്പിൽ നിന്നും അനുമതി ലഭിക്കേണ്ടതും ആയതിന്റെ റോഡ് റെസ്റ്റോറേഷൻ തുക ഗുരുവായൂർ മുനിസിപ്പാലിറ്റിയിൽ നിന്നും ലഭ്യമാക്കേണ്ടതുമുണ്ട് . |
| (സി) | പ്രവൃത്തികൾ പുരോഗമിക്കുന്ന സ്ഥലത്ത് പൊടിശല്യം രൂക്ഷമായതിനാൽ പ്രദേശവാസികളും യാത്രക്കാരും വളരെയധികം ബുദ്ധിമുട്ടനുഭവിക്കുന്നതിനാൽ ഈ പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കാൻ വേണ്ട നടപടി സ്വീകരിക്കാമോ; വിശദാംശം നൽകാമോ? | (സി) | പാന്തോട് മുതൽ ഏനാമാവ് വരെയും (2.9 Km) മുല്ലശ്ശേരി പള്ളി മുതൽ പറമ്പന്തള്ളി ബസ് സ്റ്റോപ്പ് വരെയുമുള്ള (1.2Km) റീച്ചുകളിൽ പ്രഷർ ടെസ്റ്റും ഇൻറർ കണക്ഷൻ പ്രവൃത്തികളും പുരോഗമിച്ചു വരുന്നു. ഇത് പൂർത്തീകരിച്ചു എത്രയും പെട്ടെന്ന് പി.ഡബ്ല്യൂ.ഡിയ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ റോഡ് പുനരുദ്ധാരണത്തിനുള്ള തുക പി.ഡബ്ല്യൂ.ഡിയ്ക്ക് ഇതിനകം തന്നെ ഒടുക്കിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ